# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 17, തിങ്കൾ

**നമ്പർ 174**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

കുട്ടനാട്ടും പരിസര പ്രദേശങ്ങളിലുമുള്ള മില്ലുടമകൾ നെല്ല് സംഭരണത്തിൽ നിന്നും പിൻമാറുന്നത് തടയാൻ സർക്കാർ പരാജയപ്പെടുന്നതായും അതുമൂലം ദിവസങ്ങളായി പാടശേഖരങ്ങളിൽ നെല്ല് കെട്ടിക്കിടക്കുന്നതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. അനൂപ് ജേക്കബും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് തീവ്ര ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും നേരിടുന്ന പ്രയാസങ്ങളിലേക്കും സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും ശ്രീമതി സി. കെ. ആശ ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

2) സംസ്ഥാനത്ത് കോളേജ് ക്യാംപസുകളിലുണ്ടായ റാഗിംഗ് സംഭവങ്ങളുടെയും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന റാഗിംഗ് സംബന്ധിച്ച മറ്റ് പരാതികളുടെയും പശ്ചാത്തലത്തിൽ നിലവിലുള്ള റാഗിംഗ് വിരുദ്ധ നിയമം ഭേദഗതി ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. പ്രമോദ് നാരായൺ | റാന്നിയിലെ കർഷകരുടെ പട്ടയപ്രശ്നങ്ങൾക്ക് പരിഹാരം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. വി. ആർ. സുനിൽ കുമാർ | മാള മൾട്ടി GP ജലനിധി, BPL കുടുംബങ്ങൾക്ക് സൗജന്യ പദ്ധതി മീറ്റർ ചാർജ് കുറയ്ക്കുന്നതിൽ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീമതി ദെലീമ | അരൂരിൽ വേലിയേറ്റത്തിനു ഫലമായുള്ള വെള്ളക്കെട്ട് | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. സി. ആർ. മഹേഷ് | ആലപ്പാടിനായി സമഗ്ര പുലിമുട്ട് പദ്ധതി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 5. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടിയിലെ ജനങ്ങൾ നേരിടുന്ന യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6. | ശ്രീ. യു. എ. ലത്തീഫ് | കേരള സഹകരണ ചട്ടം 43 B ഭേദഗതി ചെയ്യാനുള്ള തീരുമാനം | ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 7. | ഡോ. മാത്യു കുഴൽനാടൻ | വിശ്വകർമ്മ വിഭാഗക്കാർക്കായി പ്രത്യേക സംരക്ഷണ പാക്കേജ് | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 8. | ശ്രീ. പി. സി. വിഷ്ണുനാഥ് | കുണ്ടറ താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് നിയമനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ബജറ്റ് രേഖകളിന്മേലുള്ള തിരുത്ത് :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റ് രേഖകളോടൊപ്പം സമർപ്പിച്ച അനുബന്ധം IV-നുള്ള തിരുത്തലുകൾ വരുത്തിയ രേഖകൾ സഭയിൽ സമർപ്പിച്ചു.

ധനകാര്യം :

2025-2026 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും :

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം മുഖ്യമന്ത്രി അവതരിപ്പിച്ചു. ഉപക്ഷേപങ്ങൾ പിന്താങ്ങപ്പെട്ടു. പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

XII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 4, 5, 6, 7, 8, 11, 12, 13, 14, 16, 17, 18, 19, 20, 21, 22, 24, 25, 26, 28, 29, 30, 32, 34, 35, 36, 39, 41, 42, 43, 45, 46, 49, 50, 51, 52, 53 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 6, 7, 9, 10, 11, 12, 14, 16, 17, 18, 19, 20, 21, 22, 24, 27, 28, 29, 31, 33, 34, 35, 36, 37, 38, 39, 40, 42, 43, 44, 45, 46, 48, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 7, 8, 10, 11, 13, 15, 16, 17, 18, 19, 20, 24, 25, 26, 27, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 43, 44, 46, 47, 48, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 7, 8, 10, 11, 12, 14, 15, 16, 19, 20, 21, 24, 25, 26, 27, 28, 30, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 5, 6, 7, 9, 10, 11, 12, 13, 15, 16, 18, 19, 20, 22, 25, 26, 27, 30, 31, 32, 33, 36, 37, 38, 39, 40, 41, 42, 44, 45, 46, 47, 48, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിക്കപ്പെട്ടു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. വി. സുമേഷ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീമതി കെ. കെ. രമ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എം. വിജിൻ

ശ്രീ. വി. ജോയി

ശ്രീ. ആന്റണി രാജു

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. ടി. ജലീൽ

ശ്രീ. രമേശ് ചെന്നിത്തല.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി നൽകി.

തുടർന്ന് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളുകയും, ധനാഭ്യർത്ഥനകൾ XII, XIII, XIV, XXIII, XXVI എന്നിവയ്ക്ക് തുക അനുവദിക്കണമെന്ന ഉപക്ഷേപങ്ങൾ വോട്ടിനിടുകയും പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2025 മാർച്ച് 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.31- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

KNPP.578/2025

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN — PART I

(Brief Record of Proceedings)

*Monday, March 17, 2025*

**No. 174**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri Anoop Jacob and five other Members had given notice of an adjournment motion on the issue reported to have arisen as the Government have failed to stop Millers of Kuttanad and surroundings from their withdrawal from procuring paddy and ensuring piling up of paddy in fields. On ground of reply by Minister for Food and Civil Supplies, Speaker denied leave to present the motion.

(As a mark of protest against the attitude of the Government in the matter, the Members belonging to opposition staged walkout. )

*Calling Attention :*

1. Smt. C. K. Asha called the attention of the Minister for Higher Education and Social Justice to the difficulties faced by students having extreme intellectual challenges and their parents and the necessity to start more special schools in the Government sector in the State. The Minister for Higher Education and Social Justice made a statement in this regard.

2. Shri N. Samsudheen called the attention of the Minister for Higher Education and Social Justice to the necessity to take steps including the amendment of anti-ragging law in the light of ragging incidents in the college campuses and increase in other ragging complaints reported to have arisen in the State. The Minister for Higher Education and Social Justice made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. പ്രമോദ് നാരായൺ | റാന്നിയിലെ കർഷകരുടെ പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. വി. ആർ. സുനിൽ കുമാർ | മാള മൾട്ടി GP ജലനിധി, BPL കുടുംബങ്ങൾക്കു സൗജന്യ പദ്ധതി മീറ്റർ ചാർജ് കുറയ്ക്കുന്നതിൽ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീമതി ദെലീമ | അരൂരിൽ വേലിയേറ്റത്തിനു ഫലമായുള്ള വെള്ളക്കെട്ട് | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. സി. ആർ. മഹേഷ് | ആലപ്പാടിനായി സമഗ്ര പുലിമുട്ട് പദ്ധതി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 5. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടിയിലെ ജനങ്ങൾ നേരിടുന്ന യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6. | ശ്രീ. യു. എ. ലത്തീഫ് | കേരള സഹകരണ ചട്ടം 43 B ഭേദഗതി ചെയ്യാനുള്ള തീരുമാനം | ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 7. | ഡോ. മാത്യു കുഴൽനാടൻ | വിശ്വകർമ്മ വിഭാഗക്കാർക്കായി പ്രത്യേക സംരക്ഷണ പാക്കേജ് | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 8. | ശ്രീ. പി. സി. വിഷ്ണുനാഥ് | കുണ്ടറ താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് നിയമനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made the statement regarding the respective issue

*Corrections to Budget Documents :*

Shri K. N. Balagopal, Minister for Finance presented the documents on the correction to Appendix IV submitted along with the Budget documents for the Financial Year 2025-2026.

*Financial Business :*

<u>Discussion and Voting on Demands for Grants in the Budget for the Financial Year 2025-2026 :</u>

Shri Pinarayi Vijayan , Chief Minister moved Demand No. XII- Police, Demand No. XII- Jails, Demand No.XIV- Stationery and Printing and Other Administrative Services, Demand No. XXIII- Information and Publicity and Demand No. XXVI- Relief on Account of Natural Calamity for the amounts shown respectively against them under Column No. 5 in the list of Demands for Grants for the Financial Year 2025-2026. The motions were seconded.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236(3) relating to these Demands.

The cut motion Nos. 4, 5, 6, 7, 8, 11, 12, 13, 14, 16, 17, 18, 19, 20, 21, 22, 24, 25, 26, 28, 29, 30, 32, 34, 35, 36, 39, 41, 42, 43, 45, 46, 49, 50, 51, 52, 53 in the list of cut motions for Demand No. XII, cut motion Nos. 3, 4, 5, 6, 7, 9, 10, 11, 12, 14, 16, 17, 18, 19, 20, 21, 22, 24, 27, 28, 29, 31, 33, 34, 35, 36, 37, 38, 39, 40, 42, 43, 44, 45, 46, 48, 50, 51 in the list of cut motions for Demand No. XIII, cut motion Nos. 2, 3, 4, 5, 6, 7, 8, 10, 11, 13, 15, 16, 17, 18, 19, 20, 24, 25, 26, 27, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 43, 44, 46, 47, 48, 49, 50 in the list of cut motions for Demand No. XIV, cut motion Nos. 2, 3, 4, 5, 6, 7, 8, 10, 11, 12, 14, 15, 16, 19, 20, 21, 24, 25, 26, 27, 28, 30, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50 in the list of cut motions for Demand No. XXIII, and cut motion Nos. 3, 4, 5, 6, 7, 9, 10, 11, 12, 13, 15, 16, 18, 19, 20, 22, 25, 26, 27, 30, 31, 32, 33, 36, 37, 38, 39, 40, 41, 42, 44, 45, 46, 47, 48, 49 in the list of cut motions for Demand No. XXVI were moved.

The following Members took part in the discussion.

Shri K. V. Sumesh

Dr. Mathew Kuzhalnadan

Shri E. Chandrasekharan

Shri N. A. Nellikkunnu

Shri Job Maichil

Shri Linto Joseph

Smt. K. K. Rema

Shri Xavier Chittilappilly

Smt. Kanathil Jameela

Shri T. Siddique

Shri P. P. Chitharanjan

Shri V. K. Prasanth

Shri Najeeb Kanthapuram

Shri M. Vijin

Shri V. Joy

Shri Antony Raju

Shri T. V. Ibrahim

Shri G. S. Jayalal

Shri K. T. Jaleel

Shri Ramesh Chennithala.

Shri Pinarayi Vijayan, Chief Minister replied to the points raised during the discussion. The cut motions were declared lost. Then, the Motion was passed and Grants on Demands No. XII, XIII, XIV, XXIII, XXVI were alloted.

The House adjourned at 4.31 p.m. to meet again at 9.00 a.m on Tuesday, March 18, 2025.

DR. N. KRISHNA KUMAR,

*Secretary.*